## Houses for Depressed Classes—Kurumbilavu, etc., Villages.

**152.** മിസ്റ്റർ കെ. പി. വള്ളോൻ.—കുറുമ്പിലാവ്, ഇഞ്ചമുട, ഈ വില്ലേജുകളിലെ അധഃകൃതർ മലവെള്ളക്കാലത്തങ്കലും പാടത്തു നിന്നും കേറി താമസിക്കുവാൻ ഗവർമ്മെണ്ടിൽനിന്നും കുടിലുകൾ ഉണ്ടാക്കികൊടുപ്പാൻ അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നിവാരണമാണ് ഉണ്ടാക്കിയതു്?

രാമവമ്മതമ്പുരാൻ.— അപേക്ഷിച്ചിട്ടുണ്ടു്. കുറുമ്പിലാവ്, ഇഞ്ചമുട എന്നീ പ്രദേശങ്ങളിലെ അധഃകൃതർക്കു് പുര വെക്കുവാൻ പുറമ്പോക്കു സ്ഥലങ്ങൾ ഇല്ലാത്തതുകൊണ്ടു് ഗവർമ്മെണ്ടിൽനിന്നും സ്ഥലം വിലകൊടുത്തുവാങ്ങി കൊടുപ്പാൻ ആലോചിച്ചുവരുന്നുണ്ടു്. മലവെള്ളക്കാലത്തു് കുടിലുകൾ നശിച്ചുപോയ വീട്ടുകാർക്കു് കുടിൽ വെക്കുവാൻ ഒരു വീതം ഗവർമ്മെണ്ടിൽനിന്നും കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ എ. ഈച്ചരമേനോൻ.—കുറുമ്പിലാവു്, ഇഞ്ചമുട, ഈ ദിക്കുകളിൽ അധഃകൃതർ താമസിയ്ക്കുന്നതു് ആരുടെ ആവശ്യത്തിനു വേണ്ടിയാണു്.

രാമവമ്മതമ്പുരാൻ.—അവർ ഓരോ ദിക്കുകളിൽ താമസിയ്ക്കുന്നു. ഇന്നാളുടെ ആവശ്യത്തിനായിട്ടു താമസിയ്ക്കുന്നവരൊന്നുമില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ.—എന്റെ ദിക്കിലുള്ള അധഃകൃതർ ഓരോരുത്തരുടെ കൃഷിയാവശ്യങ്ങൾക്കു വേണ്ടിയാണു് കൃഷി സ്ഥലങ്ങളിൽ പോയി താമസിയ്ക്കാറുള്ളതു്.

രാമവമ്മതമ്പുരാൻ.—ഓരോരുത്തർ ഓരോ സ്ഥലങ്ങളിൽ താമസിയ്ക്കുന്നു. അതു് ഇന്നാൾക്കു വേണ്ടിയാണൊന്നു പറയാൻ തരമില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ.—കൃഷിയാവശ്യത്തിനായിട്ടു മാത്രമേ ഇവർ ഓരോരുത്തരുടെ കൃഷി സ്ഥലങ്ങളിൽ പോയി താമസിയ്ക്കാറുള്ളു. അങ്ങിനെയാണോ ഇവരും താമസിയ്ക്കുന്നതു്?

രാമവമ്മ തമ്പുരാൻ.—അതിനെപ്പറ്റി അറിവില്ല.

മിസ്റ്റർ എം. കെ. രാമൻ.—കുടിൽ വയ്ക്കുവാനായിട്ടു് ഗവർമ്മെണ്ടിൽനിന്നു് രണ്ടുറുപ്പിക വീതം കൊടുത്തുവെന്നു പറയുന്നു. എന്തുതരം കുടിൽ ആയിരിയ്ക്കും അതു്? ഈ രണ്ടുറുപ്പിക മതിയാകുമോ?

**President.**—That is not for information.

മിസ്റ്റർ കെ. അയ്യപ്പൻ.—സ്ഥലം വില കൊടുത്തു വാങ്ങിക്കൊടുപ്പാൻ ആലോചിയ്ക്കുന്നുണ്ടെന്നു പറയുന്നു. അതു് ഗവർമ്മെണ്ടു വക സ്ഥലമോ, ജനങ്ങളുടെ വകയോ ഏതാണു്?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മ തമ്പുരാൻ.—ശവമ്മെണ്ടു സ്ഥലമായിരിയ്ക്കും.

## Assignment of porambokes—Porathisseri, etc., Villages.

**153** മിസ്റ്റർ കെ. പി. വള്ളോൻ.—പൊറത്തിശ്ശേരി വില്ലേജിലേയും കാറളം വില്ലേജിലേയും അധഃകൃതർ പുറമ്പോക്കു സ്ഥലം പതിച്ചുകൊടുക്കുവാൻ അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽഏതു കൊല്ലത്തിൽ; പതിച്ചുകൊടുത്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടു?

രാമവമ്മതമ്പുരാൻ.—ഉവ്വ്; ഫ ഫ ൦ ൬ -ൽ; പുറമ്പോക്ക് സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതിനു് ആവശ്യമായ നടപടികൾ നടത്തിവരുന്നുണ്ടു്.

മിസ്റ്റർ എം. കെ. രാമൻ.—സ്ഥലങ്ങൾ പതിച്ചു കൊടുക്കുന്നതിനു് ആവശ്യമായ നടപടികൾ നടത്തിവരുന്നുണ്ടെന്നു പറയുന്നു. അങ്ങിനെ നടപടി നടത്തി തുടങ്ങീട്ടു് എത്ര കൊല്ലമായി?

രാമവമ്മതമ്പുരാൻ.—അതു് ഏതുനിലയിൽ ഇരിക്കുന്നുവെന്നു നിശ്ചയമില്ല.

മിസ്റ്റർ എം. കെ. രാമൻ.—നടപടി ഇപ്പോൾ നടക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—ഉണ്ടു്.

## Depressed Classes—Maruvancheri.

**154** മിസ്റ്റർ കെ. പി. വള്ളോൻ.—മുകുന്ദപുരം താലൂക്കിൽ പെങ്ങാലൂർ വില്ലേജിൽ മരുവാഞ്ചേരി എന്ന ദേശത്തുള്ള അധഃകൃതർ കുടിക്കാൻ വെള്ളമില്ലെന്നോ കുടിക്കാൻ സ്ഥലമില്ലെന്നോ പറഞ്ഞു് ഫ ഫ ൦൬-ൽ ഒന്നോ രണ്ടോ ഹർജികൾ അയച്ചതു് സംരക്ഷകനു കിട്ടിയോ ഇല്ലെങ്കിൽ എന്തുകൊണ്ടു്?

രാമവമ്മതമ്പുരാൻ.—ഹർജികൾ കിട്ടീട്ടുണ്ടു്. പെങ്ങാലൂർ അധഃകൃതർക്കു കിണർ കുത്തിച്ചുകൊടുപ്പാനും സ്ഥലംപതിച്ചുകൊടുപ്പാനും നടപടികൾ നടത്തിവരുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇപ്പോൾ അധഃകൃതർക്കു് കുടിയ്ക്കുവാൻ വെള്ളം കിട്ടത്തക്കവണ്ണം കിണർ കുത്തിച്ചു കൊടുത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ആലോചിച്ചു വരുന്നേയുള്ളു, ഓർഡർ ആയി കഴിഞ്ഞിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—കുടിയ്ക്കുവാൻ വെള്ളം കിട്ടാഞ്ഞിട്ടാണു് ഹർജികൾ അയയ്ക്കുന്നതു. കിണർ കുത്തിച്ചു കൊടുക്കുവാൻ ഉള്ള പണം അനുവദിച്ചു കഴിഞ്ഞിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഇല്ല. പണമുണ്ടാകുമ്പോൾ ആവശ്യമാണെന്നു കണ്ടാൽ ചെയ്തുകൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly